# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

### നക്ഷത്രചിഹ്നമിടാത്ത നിയമസഭ ചോദ്യം നം.4652 - 22/03/2018 -ലെ മറുപടിക്ക്

# വിദ്യാഭ്യാസ ലോൺ തിരിച്ചടവ് ധനസഹായം

**ചോദ്യം**

ശ്രീ.എ. എൻ. ഷംസീർ

**ഉത്തരം**

ഡോ. ടി. എം. തോമസ് ഐസക്
(ധനകാര്യവും കയറും വകുപ്പുമന്ത്രി)

| ചോദ്യം | | ഉത്തരം |
|---|---|---|
| എ | സംസ്ഥാന സർക്കാരിന്റെ വിദ്യാഭ്യാസ ലോൺ തിരിച്ചടവിന് ധനസഹായം ലഭ്യമാക്കുന്നതിനായി ലഭിച്ച അപേക്ഷകളിൽ തീർപ്പ് കൽപ്പിക്കുന്നതിന് ഇനിയും എത്ര നാൾ വേണ്ടി വരും എന്നാണ് കരുതുന്നത് ; വ്യക്തമാക്കാമോ ; | വിദ്യാഭ്യാസ വായ്പാ തിരിച്ചടവ് സഹായ പദ്ധതി പ്രകാരം ഓൺലൈൻ പോർട്ടലിലൂടെ ലഭിച്ചിട്ടുള്ള അപേക്ഷകൾ ബാങ്കുകൾ പരിശോധിച്ച് യോഗ്യമായവ ധനസഹായത്തിനായി സർക്കാരിന് ലഭ്യമാക്കുന്ന പ്രക്രിയ നടന്നു വരികയാണ്. സർക്കാരിൽ ലഭിക്കുന്ന അപേക്ഷകൾ പരിശോധിച്ച് യോഗ്യമായവയ്ക്ക് ധനസഹായം അനുവദിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുകയാണ്. ബാങ്കുകളിൽ നിന്ന് എസ്.എൽ.ബി.സി വഴി അപേക്ഷകൾ ലഭിക്കുന്ന മുറയ്ക്ക് ഘട്ടം ഘട്ടമായി ധനസഹായം അനുവദിക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്. ആദ്യ ഘട്ട ധനസഹായം അധികം വൈകാതെ അനുവദിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. |
| ബി | ഈ പദ്ധതിയ്ക്ക് അപേക്ഷ നൽകാൻ സമയബന്ധിതമായി സാധിക്കാത്തവർക്ക് പുതുതായി അപേക്ഷകൾ നൽകുന്നതിനുള്ള അവസരം ഒരുക്കുന്നത് സർക്കാരിന്റെ പരിഗണനയിൽ ഉണ്ടോ ; ഉണ്ടെങ്കിൽ ആയത് എന്നാണെന്ന് വ്യക്തമാക്കുമോ ? | വിദ്യാഭ്യാസ വായ്പാ തിരിച്ചടവ് സഹായ പദ്ധതിയിലേയ്ക്ക് അപേക്ഷ സമർപ്പിക്കുന്നതിന് അവസാന തീയതിയായി നിശ്ചയിച്ചിരുന്നത് 31.10.2017 ആണ്. വിദ്യാർത്ഥികൾക്ക് പാൻ കാർഡ് ലഭിക്കുന്നതിന് കാലതാമസം നേരിടുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ഓൺലൈനായി അപേക്ഷ സമർപ്പിക്കുന്നതിനുള്ള അവസാന തീയതി 31.12.2017 വരെയും തുടർന്ന് 31.01.2018 |

| | | |
|---|---|---|
| | | വരെയും (രണ്ടു തവണ) നീട്ടിയിരുന്നു. ഇനിയും തീയതി ദീർഘിപ്പിക്കുന്നത് സംബന്ധിച്ച പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ